"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - ജയിൽ വകുപ്പിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ.ഡി.സണ്ണി ഫയൽ ചെയ്ത OA 2020/2020 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 08/10/2024 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2337/2025/HOME തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. ജയിൽ വകുപ്പ് മേധാവിയുടെ 03.06.2015 തീയതിയിലെ ഇ2/19650/2009 നമ്പർ നടപടിക്രമം.
2. 09.07.2015 തീയതിയിൽ ശ്രീ.ഡി.സണ്ണി ഫയൽ ചെയ്ത അപ്പീൽ ഹർജി.
3. സ.ഉ.(സാധാ.) 3337/16/ആഭ്യന്തരം തീയതി 05.11.2016.
4. ശ്രീ.ഡി.സണ്ണി സമർപ്പിച്ച 03.02.2017 തീയതിയിലെ പുന:പരിശോധനാ ഹർജി.
5. ശ്രീ.ഡി.സണ്ണി ഫയൽ ചെയ്ത OA385/2017കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 19.07.2019 തീയതിയിലെ ഉത്തരവ്.
6. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 12.11.2019 തീയതിയിലെ ഇ2- 15369/2015/PrHQ നമ്പർ കത്ത് .
7. സ.ഉ(സാധാ) നം. 2761/2020/ആഭ്യന്തരം, തീയതി 23/11/2020.
8. ശ്രീ.ഡി.സണ്ണി ഫയൽ ചെയ്ത OA2020/2020 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 08.10.2024 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

OA 2020/2020 കേസിലെ ഹർജിക്കാരനായ ശ്രീ. ഡി. സണ്ണി, എറണാകുളം സബ് ജയിലിൽ ഹെഡ് വാർഡറായി ജോലി ചെയ്തുവരവെ, 26.11.2009 തീയതിയിൽ, റിമാൻഡ് പ്രതിയായിരുന്ന RP No.4346 രോഹിത് ജോണിന്റെ ബന്ധുക്കളിൽ നിന്നും പണവും മൊബൈൽ ഫോണും കൈപ്പറ്റിയെന്ന ആരോപണത്തിന്റെയടിസ്ഥാനത്തിൽ, ശ്രീ. സണ്ണിയെ 17.12.2009-ൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും അച്ചടക്കനടപടിയുടെ ഭാഗമായി ചാർജ്ജ് മെമ്മോ നൽകുകയും ചെയ്തിരുന്നു. തുടർന്ന്, അച്ചടക്ക നടപടിക്ക് ഊനം തട്ടാത്ത വിധം 10.05.2011-ൽ ശ്രീ. സണ്ണിയെ സർവീസിൽ പുനഃപ്രവേശിപ്പിക്കുകയുണ്ടായി. വിയ്യൂർ സെൻട്രൽ ജയിലിലെ ജയിലറായിരുന്ന ശ്രീ. റ്റി.വി. സുധീർ നടത്തിയ അന്വേഷണത്തിൽ ശ്രീ. ഡി. സണ്ണി കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും, തുടർന്ന് സർവീസിൽ നിന്നും പിരിച്ചുവിടുന്നതിന്

താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ, അദ്ദേഹം സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ഉദാരസമീപനം കൈക്കൊണ്ട് സർവീസിൽ നിന്നും പിരിച്ചുവിടാനുള്ള താൽക്കാലിക തീരുമാനം പുനഃപരിശോധിച്ച്, രണ്ട് വാർഷിക വേതന വർദ്ധനവുകൾ ആവർത്തന സ്വഭാവത്തോടെ തടഞ്ഞുകൊണ്ട് ജയിൽ വകുപ്പ് മേധാവി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ജയിൽ വകുപ്പ് മേധാവിയുടെ ഈ നടപടിക്കെതിരെ ശ്രീ. ഡി. സണ്ണി പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഫയൽ ചെയ്യുകയും അദ്ദേഹത്തിന്റെ അപ്പീൽ ഹർജി തള്ളി സർക്കാർ പരാമർശം (3) പ്രകാരം ഉത്തരവാകുകയുമുണ്ടായി. ഈ നടപടികൾ ചോദ്യം ചെയ്ത് ശ്രീ. ഡി. സണ്ണി ഫയൽ ചെയ്ത ഒ.എ.നം. 385/2017 കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (5) വിധിന്യായം പ്രകാരം, അദ്ദേഹം സമർപ്പിച്ച പരാമർശം (4) പുനഃപരിശോധനാ ഹർജി പരിശോധിച്ച് ഉത്തരവ് ലഭിച്ച് മൂന്നു മാസത്തിനകം പരാതിക്കാരനെ നേരിൽക്കേട്ട് തീരുമാനം കൈക്കൊള്ളണമെന്ന് സർക്കാരിന് നിർദ്ദേശം നൽകുകയും പരാമർശം (3) സർക്കാർ ഉത്തരവ് റദ്ദാക്കുകയുമുണ്ടായി.

2. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, ശ്രീ. സണ്ണിക്കെതിരെയുള്ള പരാതിയിൽ അന്വേഷണ ആവശ്യത്തിന് 26.04.2011 ന് തിരുവനന്തപുരം സിക്കയിൽ ഹാജരാകാനുള്ള നിർദ്ദേശം ശ്രീമതി ചാരുലത, രോഹിത് ജോൺ, മിനി, സണ്ണി എന്നിവർക്ക് നൽകിയിരുന്നുവെങ്കിലും അന്നേ ദിവസം ശ്രീ. സണ്ണി മാത്രമാണ് ഹാജരായിരുന്നത് എന്നും, തുടർന്ന് നിരവധി തവണ കത്തുകൾ നൽകിയിരുന്നുവെങ്കിലും അവർ ഹാജരായിരുന്നില്ല എന്നും കണ്ടെത്തി. പിന്നീട് അവർക്ക് 20.06.2013-ന ജയിലാസ്ഥാന കാര്യാലയത്തിൽ ഹാജരാകാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിരുന്നുവെങ്കിലും പരാതിക്കാരന്റെ മാതാവ് ശ്രീമതി ചാരുലത മാത്രമാണ് ഹാജരായി മൊഴി നൽകുകയുണ്ടായത്. പരാതിക്കാരുടെ നിസ്സഹകരണം മൂലമാണ് ശ്രീ. സണ്ണിക്ക് അവരെ ക്രോസ് വിസ്താരം നടത്തുന്നതിനുള്ള അവസരം ലഭിക്കാതിരുന്നത്. എന്നാൽ, അന്വേഷണ സംബന്ധമായി മറ്റുദ്യോഗസ്ഥരെയെല്ലാം ക്രോസ് വിസ്താരം ചെയ്യുന്നതിന് ശ്രീ. സണ്ണിക്ക് അവസരം നൽകിയിരുന്നു. കോടതി നിർദ്ദേശ പ്രകാരം ശ്രീ. സണ്ണിയെ ആഭ്യന്തരവകുപ്പിലെ അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയും, അദ്ദേഹത്തിനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി ലഘൂകരിക്കുന്നതിന് പര്യാപ്തമായ പുതിയ വാദമുഖങ്ങളൊന്നും തന്നെ ഉന്നയിച്ചിട്ടില്ലാത്തതിനാൽ ജയിൽ വകുപ്പ് മേധാവി ചുമത്തിയ ശിക്ഷ അതേപടി നിലനിർത്തിക്കൊണ്ട് അദ്ദേഹം സമർപ്പിച്ച പുനഃപരിശോധന ഹർജി പരാമർശം (7) പ്രകാരം തീർപ്പാക്കുകയും അപ്രകാരം കോടതി വിധി നടപ്പാക്കുകയുമുണ്ടായി.

3. ഇതിനെതിരെ ശ്രീ. ഡി. സണ്ണി ഫയൽ ചെയ്ത OA 2020/2020 കേസിലെ പരാമർശം (8) ഉത്തരവ് പ്രകാരം, കേസിലെ പ്രധാനസാക്ഷിയായിട്ടും തടവുകാരന്റെ അമ്മയുടെ മൊഴി പരാതിക്കാരന്റെ അഭാവത്തിലാണ് രേഖപ്പെടുത്തിയതെന്നും, അമ്മ നൽകിയ തെളിവുകളാണ് പരാതിക്കാരനെതിരെ ചാർത്തപ്പെട്ട കുറ്റങ്ങൾ തെളിയിക്കപ്പെട്ടെന്ന നിഗമനത്തിലെത്താൻ അന്വേഷണ ഉദ്യോഗസ്ഥൻ പ്രധാനമായും ആശ്രയിച്ചതെന്നും കോടതി നിരീക്ഷിച്ചു. ഈ സാഹചര്യത്തിലാണ് ഈ വിഷയം പുനഃപരിശോധിക്കുവാൻ കോടതി സർക്കാരിനോട് ആവശ്യപ്പെട്ടതെന്നും, എന്നാൽ കോടതിയുടെ നിരീക്ഷണങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാതെയാണ് പരാമർശം (7) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും കോടതി ചൂണ്ടിക്കാട്ടി. തടവുകാരന്റെ അമ്മയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട അന്വേഷണ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് രണ്ടു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ടുള്ള കഠിന ശിക്ഷ സർക്കാർ പരാതിക്കാരന് നൽകിയിട്ടുള്ളതെന്നും, ആയതിനാൽ പുനഃപരിശോധന ഹർജി പരിഗണിച്ചപ്പോൾ തടവുകാരന്റെ അമ്മയെ ക്രോസ് വിസ്താരം ചെയ്യാനുള്ള അവസരം നിഷേധിച്ചു എന്ന പരാതിക്കാരന്റെ വാദം വേണ്ടത്ര പരിഗണിക്കാതെയാണ് പുനപരിശോധനാ ഹർജി തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്നും ബഹു. കോടതി നിരീക്ഷിക്കുകയും, പരാമർശം (5) കോടതി നിരീക്ഷണങ്ങൾ അനുസരിച്ച് പരാതിക്കാരൻ സമർപ്പിച്ച പരാമർശം (4) പുനഃപരിശോധനാ ഹർജി, ഉത്തരവ് കൈപ്പറ്റി 3 മാസത്തിനകം, വീണ്ടും പരിഗണിക്കുവൻ സർക്കാരിനോട് നിർദ്ദേശിക്കുകയും പരാമർശം (7) ഉത്തരവ് റദ്ദാക്കുകയുമുണ്ടായി.

4. ശ്രീ. ഡി. സണ്ണി പരാമർശം (4) പ്രകാരം സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു:

i. കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി അപ്പീൽ പെറ്റീഷൻ നിരസിച്ച നടപടി നിയമപ്രകാരം നിലനിൽക്കുന്നതല്ല.

ii. അന്വേഷണ സമയത്ത് പരാതിക്കാരനായ ശ്രീ. രോഹിത് ജോണിനെ വിസ്തരിച്ചില്ല.

iii. സാക്ഷികളെ ക്രോസ് വിസ്താരം ചെയ്യുന്നതിനുള്ള അവസരം നൽകിയില്ല. iv. പരാതിക്കാരന്റെ അമ്മയായ ശ്രീമതി ചാരുലതയുടെ മൊഴി രേഖപ്പെടുത്തിയത് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലല്ല, അവരെ ക്രോസ് വിസ്താരം ചെയ്യുന്നതിനുള്ള അവസരം നൽകിയില്ല.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജയിലുദ്യോഗസ്ഥരെ ക്രോസ് വിസ്താരം ചെയ്യാൻ പരാതിക്കാരനെ അനുവദിച്ചിരുന്നുവെങ്കിലും, ഈ കേസിലെ പ്രധാന സാക്ഷിയായ തടവുകാരന്റെ അമ്മയെ ക്രോസ് വിസ്താരം ചെയ്യുന്നതിന് അവസരം നൽകിയിരുന്നില്ല. കേസിലെ പ്രധാന സാക്ഷിയായിട്ടും തടവുകാരന്റെ അമ്മയുടെ മൊഴി പരാതിക്കാരന്റെ അഭാവത്തിലാണ് രേഖപ്പെടുത്തിയത്. അമ്മ നൽകിയ തെളിവുകളാണ്, പരാതിക്കാരനെതിരെ ചാർത്തപ്പെട്ട കുറ്റങ്ങൾ തെളിയിക്കപ്പെട്ടതായുള്ള നിഗമനത്തിലെത്താൻ അന്വേഷണ ഉദ്യോഗസ്ഥൻ പ്രധാനമായും ആശ്രയിച്ചിട്ടുള്ളത്. പരാതിക്കാരുടെ നിസ്സഹകരണം മൂലമാണ് ശ്രീ. സണ്ണിക്ക് അവരെ ക്രോസ് വിസ്താരം ചെയ്യാൻ അവസരം ലഭിക്കാതിരുന്നത്. എങ്കിലും, പ്രസ്തുത സാക്ഷിയെ ക്രോസ് വിസ്താരം ചെയ്യുക എന്നത് കുറ്റാരോപിതന്റെ അവകാശമായിരിക്കെ, ആയത് നിഷേധിക്കപ്പെട്ടത് വഴി ശ്രീ. ഡി. സണ്ണിക്ക് എതിരെ നടത്തിയ അച്ചടക്കനടപടിയിൽ നടപടിക്രമങ്ങളിൽ തെറ്റുണ്ടായിട്ടുണ്ടെന്ന് ബോധ്യമാകുന്നു.

6. മേൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ, ശ്രീ. ഡി. സണ്ണിക്ക് എതിരെയുള്ള അച്ചടക്കനടപടി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള ജയിൽ വകുപ്പ് മേധാവിയുടെ പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത്, ശ്രീ. സണ്ണിക്ക് എതിരെ നടത്തിയ അച്ചടക്കനടപടി നടപടിക്രമങ്ങൾ പാലിച്ച് വീണ്ടും നടത്തുവാൻ ജയിൽ വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും, ശ്രീ. ഡി. സണ്ണി ഫയൽ ചെയ്ത പരാമർശം (4) പുനഃപരിശോധനാ ഹർജി തീർപ്പാക്കി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (8) വിധിന്യായം അപ്രകാരം

നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള , തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പടെ)
ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,തിരുവനന്തപുരം
ശ്രീ. സണ്ണി ഡി.,"ഗ്രീഷ്മം", എട്ടുവിള പി.ഒ.,കിഴക്കേ കല്ലട, കൊല്ലം - 691502 (രജിസ്റ്റേർഡ് പോസ്റ്റ് )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) )
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം
Signed by
Kavitha S
Date: 11-07-2025 13:38:46
സെക്ഷൻ ഓഫീസർ